**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2439** **02-08-2021 - ൽ മറുപടിയ്ക്ക്**

**റോഡ് നിർമ്മാണത്തിലെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. പി.വി.അൻവർ** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | റോഡ് നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്ത് ഏറെനാൾ കഴിയും മുൻപ് റോഡുകൾക്ക് തകരാർ സംഭവിക്കുന്നതൊഴിവാക്കാൻ ഡിഫക്റ്റ് ലയബിലിറ്റി കാലാവധി ഏർപ്പെടുത്തിയിട്ടുണ്ടോയെന്നറിയിക്കാമോ; | (എ) | പൊതുമരാമത്ത് റോഡ് പ്രവൃത്തി പൂർത്തീകരിച്ച് ഏറെ നാൾ കഴിയുന്നതിനുമുമ്പ് തകരാറുകൾ സംഭവിക്കുന്നത് ഒഴിവാക്കാൻ 25/11/2019-ലെ ജി.ഒ (പി) നം. 161/2019/ഫിൻ പ്രകാരം Defect Liability Period ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് റോഡുകളുടെ നിർമ്മാണത്തിലെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; | (ബി) | പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി കൺട്രോൾ മാനുവൽ അനുസരിച്ചാണ് നടപ്പിലാക്കുന്നത്. കൂടാതെ standard bid document-ലും പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പാക്കുന്നത് സംബന്ധിച്ച നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. നിരത്ത് വിഭാഗത്തിന്റെ എല്ലാ നിർമ്മാണ പ്രവൃത്തികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ കർശന നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് നടപ്പിലാക്കുന്നത്. രണ്ട് കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് SBD പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് മൂന്ന് തലത്തിലുള്ള ഗുണമേന്മ പരിശോധന നിർബന്ധമാക്കിയിട്ടുണ്ട്. ആദ്യ തലത്തിൽ കരാറുകാരുടെ ഉത്തരവാദിത്തത്തിൽ ഗുണമേന്മ പരിശോധനകൾ നടത്തുന്നു. രണ്ടാം തല പരിശോധനക്കായി പ്രവൃത്തികൾ നടക്കുമ്പോൾ പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി കൺട്രോൾ വിഭാഗം ഓഫീസർമാർ സ്ഥലം സന്ദർശിക്കുകയും സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും പ്രവൃത്തിയുടെ മെറ്റീരിയൽസിന്റെ സാമ്പിളുകൾ ശേഖരിച്ച ലാബുകളിൽ വിവിധ പരിശോധനനടത്തുകയും ആയതിന്റെ റിപ്പോർട്ട് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുകയും ചെയ്യാറുണ്ട്. ദേശീയപാത വിഭാഗത്തിൽ അഞ്ച് കോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗും ഏർപ്പെടുത്തുന്നതിനായി സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി പ്രത്യേകം കൺസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്. കരാറുകാരൻ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തിയാൽ ആയത് കരാറുകാരന്റെ സ്വന്തം ചെലവിൽ നീക്കം ചെയ്ത് ഗുണനിലവാരത്തോടു കൂടി പുന: നിർമ്മിക്കാൻ പുതുക്കിയ പൊതുമരാമത്ത് മാനുവൽ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ ചെയ്യുന്ന കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും മാനുവലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തല നടപടികൾ സ്വീകരിക്കാറുണ്ട്. |
| (സി) | സോഷ്യൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുന്നതിനും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ റോഡുകളുടെ നിർമ്മാണം തത്സമയം നിരീക്ഷിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുന്നതിനുമുള്ള സാധ്യതകൾ പരിശോധിക്കുമോ; വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർ ഉത്തരവാദിത്തം ഏൽക്കേണ്ടിവരുന്ന സ്ഥിതി സംജാതമാക്കുവാൻ കഴിയുമോ? | (സി) | 05.01.2018 തീയതിയിലെ ജി.ഒ(എംഎസ്) നം. 1/2018/പി.ഡബ്ല്യൂഡി പ്രകാരം സോഷ്യൽ ഓഡിറ്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഈ സമിതികൾ പുന:ക്രമീകരിക്കേണ്ടതുണ്ട്. നിലവിൽ പ്രൈസ് സോഫ്റ്റ് വെയർ മുഖേനയാണ് എസ്റ്റിമേറ്റ്, ഇ-മെഷർമെന്റ് ബുക്ക്, ബിൽ, റിവൈസ്ഡ് എസ്റ്റിമേറ്റ് തുടങ്ങിയവ തയ്യാറാക്കി അംഗീകരിക്കുന്നത്. ഇതുവഴി പ്രവൃത്തികളുടെ നടത്തിപ്പ് സംബന്ധിച്ച സുതാര്യത ഉറപ്പു വരുത്തുന്നതിനും നിരീക്ഷണം കാര്യക്ഷമമാക്കുന്നതിനും പദ്ധതികൾ സമയബന്ധിതമായി ആസൂത്രണം ചെയ്ത് പൂർത്തിയാക്കുവാനും സാധിക്കുന്നതാണ്. പ്രവൃത്തിയുടെ എല്ലാ ഘട്ടങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തത്തിലും മേൽനോട്ടത്തിലുമാണ് നടപ്പിലാക്കുന്നത് |

സെക്ഷൻ ഓഫീസർ